# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4216

20-03-2018 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.ടി.എ. റഹീം**<br>**,, കെ. ബാബു**<br>**,, ആർ. രാജേഷ്**<br>**,, കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ. കെ.ടി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) ന്യൂനപക്ഷ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ)<br>1 സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.<br>2 വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ /പുനരുദ്ധാരണ പദ്ധതി.<br>3 ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.<br>4 സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ- റീ ഇംബേഴ്സ്മെൻറ് സ്കീം.<br>5 എസ്. എസ്. എൽ. സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ ബിരുദ ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.<br>6 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.<br>7 സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.<br>8 ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>9 സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ് പദ്ധതി.<br>10 മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.<br>11 മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധന സഹായ പദ്ധതി.<br>12 എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.<br>13 വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP)<br>14 മദ്രസ്സാക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി |

15 മദ്രസ്സാക്ഷേമനിധി അംഗങ്ങളായ മദ്രസ്സാ ദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പ്പാ പദ്ധതി.

| | |
|---|---|
| ബി) ന്യൂനപക്ഷ വിഭാഗത്തിൽപെട്ട യുവജനങ്ങൾക്ക് ജോലി ലഭ്യത ഉറപ്പുവരുത്തുന്നതിനായി സൗജന്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പ്രസ്തുത വിഭാഗത്തിൽപെട്ട ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) ഉണ്ട്. വിധവ/വിവാഹബന്ധം വേർപ്പെട്ടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കാണ് ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ വീട് നിർമ്മിച്ച് നൽകുന്നത്. അതത് ജില്ലാ കളക്ടറേറ്റ് വഴി ലഭ്യമാകുന്ന അപേക്ഷകളിൽ പ്രാഥമിക പരിശോധനകൾക്ക് ശേഷം അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വകുപ്പ് ഡയറക്ടറേറ്റിലെ പ്രോജക്ട് ആഫീസർ ചെയർമാനായുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി അതത് ജില്ലകളിൽ കൂടുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷനടക്കമുള്ള നടപടി ക്രമങ്ങൾക്ക് ശേഷം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുമായി കരാർ ഉടമ്പടി ഒപ്പ് വെയ്ക്കുന്നു. തുടർന്ന് ആകെ തുകയുടെ ഒന്നാം ഗഡുവായ 50,000/- രൂപ (20%) വീടിന്റെ ബേയ്സ്മെൻറ് പൂർത്തീകരിക്കുന്നതിലേക്കായി മുൻകൂറായി അനുവദിക്കുകയും ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതനുസരിച്ച് രണ്ടാം ഗഡുവായ 1,25,000/- രൂപ (50%) വീടിന്റെ മേൽക്കൂര വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേക്കായി അനുവദിക്കുന്നു. ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതോടെ അവസാന ഗഡുവായ 75,000/- രൂപ (30%) കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം, ജനലുകൾ/ വാതിലുകൾ ഉറപ്പിക്കുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുവദിക്കുന്നു. |
| (ഡി) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഉണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് അംഗീകരിക്കുന്ന തുക പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ പ്രദേശങ്ങളിലെ മോണിറ്ററിംഗും, പരിപാലനവും അതത് തദ്ദേശസ്ഥാപനങ്ങളാണ് നടത്തുന്നത്. |

Sreelekha

**സെക്ഷൻ ഓഫീസർ**